2010 ഖുത്വ്ബ – 47

بسم الله الرحمن الرحيم

19.11.2010
ബൈതുൽ ഫുതൂഹ്
ലണ്ടൻ

# ക്ഷമയില്ലെങ്കിൽ വിശ്വാസം നിലനിൽക്കുന്നതല്ല.

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَنُبَوِّئَنَّهُم مِّنَ الْجَنَّةِ غُرَفًا تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا ۚ نِعْمَ أَجْرُ الْعَامِلِينَ ﴿٥٩﴾ الَّذِينَ صَبَرُوا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٦٠﴾

വിശ്വാസത്തിൽ മുൻകടന്ന ഒരു സമൂഹത്തെയാണ് തിരുനബി ﷺ വാർത്തെടുത്തത്. റസൂലുല്ലാഹി ﷺ അല്ലാഹുവിന്റെ അവസാന പ്രവാചകനാണെന്നും ദീൻ അദ്ദേഹം മുഖേന പൂർണ്ണതയിൽ എത്തിക്കഴിഞ്ഞിരിക്കുന്നുവെന്നും അവർ ദൃഢമായി വിശ്വസിക്കുകയും ചെയ്തിരുന്നു. മാത്രമല്ല ഈ ദീനിലെ അദ്ധ്യാപനങ്ങൾ പിൻപറ്റികൊണ്ടാണ് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ കഴിയുക എന്നും അവർ ഉറച്ചു വിശ്വസിച്ചിരിന്നു. അങ്ങനെ സഹാബത്ത് അവരുടെ വിശ്വാസത്തിന്റെ ഔന്നിത്യത്തിൽ എത്തിയപ്പോൾ അവരുടെ ഓരോ പ്രവർത്തനവും അവരുടെ അനക്കമടക്കെമെല്ലാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായിത്തീർന്നു. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളാണ് സ്വാലിഹായ പ്രവർത്തനങ്ങൾ.

ഞാൻ പാരായണം ചെയ്ത മുകളിലെ ആയത്തിൽ തിരുനബി ﷺ ന്റെ വിശുദ്ധീകരിക്കുന്ന ശക്തി മുഖേന തങ്ങളിൽ ആത്മീയ വിപ്ലവം ഉണ്ടാക്കിയവരെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. അവർ തങ്ങളുടെ മുൻകാലജീവിതത്തിലെ നാനാതരം ദുഃശ്ശീലങ്ങസളും കൈവെടിഞ്ഞുകൊണ്ട് തങ്ങളുടെ വിശ്വാസത്തിൽ സുദൃഢരാവുകയും വിശ്വാസ ദൃഢീകരണത്തിനും സദ്പ്രവർത്തി ചെയ്യുന്നതിനും വേണ്ടി ഏതുതരം ത്യാഗം ചെയ്യാൻ തയ്യാറാവുകയും അതവർ പ്രവർത്തനത്തിലൂടെ കാണിക്കുകയും ചെയ്തു. നിശ്ശബ്ദരായി മർദ്ധനങ്ങൾ സഹിക്കേണ്ടിവന്നാൽ അതിനും അവർ തയ്യാറായി. കാരണം ഒരു ദീർഘകാലം വരെ എതിർപ്പുകളെ നേരിടാനുള്ള അനുവാദം അവർക്ക് നൽകിയിരുന്നില്ല. ആ സമയത്ത് നിശ്ശബ്ദരായിക്കൊണ്ട് എതിർപ്പുകൾ ക്ഷമയോടെ നേരിടുക എന്നത് തന്നെയാണ് സ്വാലിഹായ പ്രവൃത്തി. സ്വന്തം ദേശം വെടിഞ്ഞ് മറ്റു ദേശത്തേക്ക് പലായനം ചെയ്യാൻ കൽപിക്കപ്പെട്ടപ്പോൾ യാതൊരു വിധ സങ്കോചവുമില്ലാതെ സ്വന്തം ദേശം വെടിയുക എന്നതുതന്നെയായിരുന്നു സ്വാലിഹായ പ്രവർത്തി. ശത്രുക്കൾക്ക് ശിക്ഷ നൽകുന്നതിനുവേണ്ടി യുദ്ധം ചെയ്യാൻ കൽപിക്കപ്പെട്ടപ്പോൾ യുദ്ധത്തിന്റെ പരിണിതഫലത്തെക്കുറിച്ച് ചിന്തിക്കാതെ ശത്രുക്കൾക്ക് ശിക്ഷ നൽകുന്നതിനായി അതിലേക്ക് കുതിക്കുക എന്നതുതന്നെയായിരുന്നു വിശ്വാസം ആവശ്യപ്പെട്ടിരുന്നത്. അതായിരുന്നു അപ്പോഴത്തെ സത്പ്രവൃത്തി. തന്റെ കൈവശം ആയുധമുണ്ടോ എന്നും ശത്രുവിന്റെ ശക്തിയും തന്റെ ശക്തിയും തമ്മിൽ വല്ല തുല്ല്യതയുമുണ്ടോ എന്നൊന്നും നോക്കാതെ ആ പ്രവർത്തനത്തിന്നായി ഇറങ്ങുകയാണ് വേണ്ടത്. ചുരുക്കത്തിൽ വിശ്വാസത്തിന് ശേഷം അല്ലാഹുവിന്റെ പ്രീതിക്കായി നന്മ ചെയ്യുകയും തന്റെ ജീവൻ അല്ലാഹുവിന്റെ ഒരമാനത്തായി കരുതി പ്രവർത്തിക്കുകയും ചെയ്യുന്നവരെക്കുറിച്ച് (തിരുനബിയുടെ സഹാബത്ത് പ്രവർത്തിച്ചു കാണിച്ചതുപോലെ) അല്ലാഹു പറയുന്നത് ഞാൻ അവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണെന്നാണ്. സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം അവർക്ക് ലഭിക്കുന്നതാണ്. അതിന്റെ താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. ഈ സ്വർഗ്ഗം ശാശ്വതമായ അനുഗ്രഹങ്ങളുടേയും നിത്യജീവിതത്തിന്റെയും അടയാളമാണ്. അല്ലാഹു പറയുന്നു ''ഇത് അതിമഹത്തായ പ്രതിഫലമാകുന്നു. വിശ്വാസത്തിൽ പൂർണ്ണത കൈവരിച്ചവർക്കും അല്ലാഹുവിന്റെ പ്രീതിക്കായി പ്രവർത്തിക്കുന്നവർക്കും ഈ അനുഗ്രഹം നൽകുന്നതാണ്.

സ്ഥായിയായ അനുഗ്രഹത്തിന് അവകാശികളാകുന്നവർ ക്ഷമയോടും പക്വമായ സഹനത്തോടും കൂടി ത്യാഗം ചെയ്യുന്നവരാണ്. അവർ അവരുടെ വിശ്വാസത്തെ കാത്തു സൂക്ഷിച്ചു. തങ്ങളുടെ നാഥനിൽ പൂർണ്ണമായ വിശ്വാസം അർപ്പിച്ചുകൊണ്ട് സഹനം കൈകൊള്ളുകയും തങ്ങളുടെ വിശ്വാസം സംരക്ഷിക്കുകയും തങ്ങളുടെ ഓരോ പ്രവർത്തനവും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി ചെയ്യുകയുമാണെങ്കിൽ വാഗ്ദാനങ്ങളെ പൂർത്തീകരിക്കുന്ന അല്ലാഹു തീർച്ചയായും പ്രതിഫലം നൽകി അനുഗ്രഹിക്കുന്നതാണ് എന്നവർ ദൃഢമായി വിശ്വസിച്ചിരുന്നു. വിശ്വാസത്തിലുള്ള ദൃഢതയും സദ്പ്രവർത്തനങ്ങളിലേക്കുള്ള ശ്രദ്ധയും തിരുനബി ﷺ യുടെ തർബ്ബിയ്യത്തും വിശുദ്ധീകരിക്കുന്ന ശക്തിയും കാരണമായാണ് സഹാബാക്കളിൽ ഉണ്ടായിട്ടുണ്ടായിരുന്നത്.

ക്ഷമയുമായി ബന്ധപ്പെട്ട ചില ഹദീസുകളാണ് ഞാൻ ഇന്ന് കേൾപ്പിക്കാൻ ഉദ്ദേശിക്കുന്നത്. വിശ്വാസികളിൽ ഈ ഒരു സദ്ഗുണം നിലനിറുത്തുന്നതിന്നായി തിരുനബി ﷺ ഏതൊരു മാതൃകയാണ് പ്രകടിപ്പിച്ചതെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നതാണ്. മാത്രമല്ല നിത്യവും തങ്ങളുടെ വിശ്വാസത്തിൽ മുൻകടന്നുപൊയ്ക്കൊണ്ടിരുന്ന സഹാബത്ത് അല്ലാഹുവിന്റെ പ്രീതിക്കായി ഏതുരീതിയിൽ ക്ഷമയുടേയും സഹനത്തിന്റെയും ഉന്നത നിലവാരം നിലനാട്ടി എന്നും മനസ്സിലാകുന്നതാണ്.

നിത്യജീവതത്തിലെ പ്രശ്നങ്ങൾ മുതൽ ശത്രുവിനെ നേരിടുന്ന സമയത്ത് വരെ ക്ഷമ കൈക്കൊള്ളേണ്ട രീതി തിരുനബി ﷺ പഠിപ്പിച്ചുതന്നിട്ടുണ്ട്. ഇതെല്ലാം പഠിപ്പിച്ചുകൊണ്ട് ഓരോ അവസരത്തിലും നാം എന്ത് ചെയ്യണമെന്ന് പറഞ്ഞുതരികയും ചെയ്തു. ആദ്യമായി ഞാൻ സമർപ്പിക്കുന്ന ഹദീസ് കുടുംബജീവിതത്തിൽ ക്ഷമകൈക്കൊള്ളേണ്ടത് എങ്ങനെയാണെന്ന് പഠിപ്പിക്കുന്നതാണ്. ഭാര്യയും ഭർത്താവും തങ്ങളുടെ കുടുംബജീവിതത്തിൽ എങ്ങനെ ക്ഷമിക്കണം എന്ന് ഇതിൽ നിന്നും വ്യക്തമാണ്. എനിക്ക് പല സ്ത്രീകളുടേയും കത്തുകൾ വരാറുണ്ട്. കൂടിക്കാഴ്ച സമയത്തും അവർ പരാതിപ്പെടാറുണ്ട്. എനിക്ക് പെൺകുട്ടികൾ മാത്രമാണുള്ളത്, ആൺകുട്ടികൾ ഇല്ലാത്തതുകാരണം ഭർത്താവും ഭർതൃവീട്ടുകാരും അതുമിതും പറഞ്ഞ് എന്നെ സ്ഥിരമായി കളിയാക്കിക്കൊണ്ടിരിക്കും. എന്റെ ജീവിതം ഇതുകാരണം ദുഃസഹമായി മാറിയിരിക്കുന്നു. ഇതേപോലെ പെൺകുട്ടികൾ പറയാറുണ്ട്; ഞങ്ങൾ പെണ്ണായിപ്പിറന്നതുകൊണ്ട് ഞങ്ങളുടെ പിതാക്കൾ ഞങ്ങളോട് നല്ല രീതിയിലല്ല പെരുമാറുന്നത്. ഇതുകാരണം ജീവിതം അസ്വസ്ഥജനകമാണ്. ഇതുസംബന്ധമായി തിരുനബി ﷺ പറഞ്ഞ ഒരു ഹദീസ് നിങ്ങളുടെ മുമ്പാകെ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം പലരും അറിവുണ്ടായിട്ടും ജമാഅത്തിന്റെ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നിട്ടും വീട്ടിൽ അവരുടെ പെരുമാറ്റം ശരിയായ രീതിയിലല്ല. ഈ ഹദീസ് കേട്ടതിനു ശേഷം ആരും തന്നെ തന്റെ ഭാര്യയെ പെൺകുട്ടികളുടെ പേരും പറഞ്ഞ് വേദനിപ്പിക്കില്ലെന്ന് ഞാൻ കരുതുന്നു. ഹദ്റത്ത് ആയിശ (رضي الله عنها) വിവരിക്കുന്നു. റസൂലുല്ലാഹി ﷺ വിവരിക്കുന്നു. പെൺകുട്ടികൾ കാരണമായി പരീക്ഷിക്കപ്പെടുന്നവർ ക്ഷമയോടെ നേരിടുകയാണെങ്കിൽ ആ പെൺകുട്ടികൾ അവർക്കും നരകത്തിനുമിടയിൽ മറയായി നിൽക്കുന്നതാണ്.

ചെറിയ ചെറിയ തെറ്റുകൾ ചെയ്തുപോകാത്തവർ ലോകത്ത് ആരു ണ്ട്. അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാൻ ആഗ്രഹിക്കാത്തവരും ആരുണ്ട്. എല്ലാവരും ഇതാണാഗ്രഹിക്കുന്നത്. പെൺകുട്ടികളുള്ളവർക്ക് ഇവിടെ സുവാർത്ത നൽകപ്പെട്ടിരിക്കുന്നു. ഒരു വിശ്വാസി പെൺകുട്ടി കൾ കാരണം അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നതാണ്. പെൺ കുട്ടികൾ കാരണമായി ചില പ്രശ്നങ്ങൾ സമൂഹത്തിൽ ഉണ്ടാകുന്നു. ക്ഷമിക്കുകയും അത് പരിഹരിക്കുകയും ചെയ്യേണ്ടതാണ്. പെൺകുട്ടി കൾ കാരണമായി തങ്ങൾ ആക്ഷേപിക്കപ്പെടുന്നു എന്ന ചിന്ത മാതാക്ക ൾക്കോ ഞങ്ങൾ കാരണം പിതാവിന്ന് പ്രയാസമുണ്ടാവുന്നുണ്ടെന്ന തോന്നൽ പെൺകുട്ടികൾക്കോ വരാതിരിക്കുന്ന രീതിയിൽ പ്രവർത്തി ക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്. അങ്ങിനെയാകുമ്പോൾ പെൺകുട്ടികൾ അദ്ദേഹത്തിനും നരകത്തിനുമിടയിൽ ഒരു മറയായി വർത്തിക്കുന്നതാണ്. പെട്ടെന്ന് ശുണ്ഠി പിടിക്കുന്നവർക്കും നിസ്സാര കാര്യങ്ങളിൽ ദേഷ്യപ്പെടുന്നവർക്കുമുള്ള ഉപദേശം അടങ്ങിയതാണ് അടുത്ത് ഹദീസ്. അങ്ങിനെയുള്ളവർ സമൂഹത്തിൽ ഇടപഴകാനും മറ്റുള്ളവരുമായി കൂടിക്കലരാനും ഇഷ്ടപ്പെടാറില്ല. യഹ്‌യാബിൻ മിസാബ് رضي الله عنه ഒരു ഹദീസ് ഇപ്രകാരം നിവേദനം ചെയ്യുന്നു. തിരു നബി ﷺ അരുളി. ''ജനങ്ങളുമായി ഇടപഴകി ജീവിക്കുകയും അവ രിൽ നിന്നുള്ള വേദനാജനകമായ അനുഭവങ്ങളിൽ ക്ഷമ കൈക്കൊള്ളു കയും ചെയ്യുന്ന മുസ്‌ലിം, ജനങ്ങളുമായി ഇടപഴകാതെ അവരിൽ നിന്നുള്ള പ്രയാസമുള്ള പ്രവർത്തനങ്ങളിൽ ക്ഷമിക്കാത്ത വിശ്വാസിയേ ക്കാളും ഉത്തമനാണ്.''

ജനങ്ങളുമായി ഇടപഴകുമ്പോൾ ഒരാളുടെ സദ്ഗുണങ്ങൾ മറ്റുള്ളവ രിൽ സ്വാധീനം ചെലുത്തുന്നതാണ്. അതുകാരണം സമൂഹത്തിന്റെ ധാർമ്മിക അവസ്ഥ മെച്ചപ്പെടുന്നതായിരിക്കും. ജനങ്ങൾ സ്വയം സംസ് ക്കരണത്തിന് മുതിരുന്നതാണ്. മറ്റുള്ളവരുമായി ഇടപഴകുന്നത് ആരു ടെയെങ്കിലും ഇസ്‌ലാഹിന് കാരണമാകുകയും ചെയ്തേക്കാം. ക്ഷമ കാരണം ആത്മധൈര്യം മനുഷ്യന് കൈവരിക്കാൻ കഴിയുന്നു. അതവരെ നന്മയിൽ മുന്നേറാൻ സഹായിക്കുന്നു. ഇതിൽനിന്നും നമുക്ക് മനസ്സിലാകുന്നത് ക്ഷമാശീലം നാം കൈവരിക്കേണ്ടതാണ്. ചെറിയ ചെറിയ കാര്യങ്ങൾ പൊക്കിപ്പിടിച്ച് അക്ഷമരാകുന്നതിൽ നിന്നും പ്രശ്നമുണ്ടാ ക്കുന്നതിൽ നിന്നും വിട്ടു നിൽക്കേണ്ടതാണ്. ആത്മധൈര്യം കൈവരി ക്കുന്നതിനെക്കുറിച്ച് ഉപദേശിച്ചുകൊണ്ട് തിരുനബി ﷺ ഒരിക്കൽ ഇപ്രകാരം അരുളുകയുണ്ടായി. ഹദ്റത്ത് അബൂഹുറൈറ رضي الله عنه വിവരി ക്കുന്നു. തിരുനബി ﷺ അരുളി. മറ്റുള്ളവരെ മലർത്തിയടിക്കുന്നവ നല്ല യഥാർത്ഥ യോദ്ധാവ്. കോപം വരുമ്പോൾ സ്വയം നിയന്ത്രിക്കുന്ന വനാണ് യഥാർത്ഥ യോദ്ധാവ്. അല്ലാഹുവിന്റെയും അവന്റെ റസൂലി ന്റെയും പക്കൽ നല്ല യോദ്ധാവ് കോപത്തെ നിയന്ത്രിക്കുന്നവനാണ്. ഒരു വിശ്വാസിയെ അല്ലാഹുവിന്റെ സമീപത്തേക്ക് എത്തിക്കുന്നത് ഈ പ്രവർത്തനങ്ങളാണ്.

ക്ഷമയുടെ കാര്യത്തിൽ തിരുനബി ﷺ കാണിച്ച മാതൃകയെക്കുറിച്ച് ഹദ്റത്ത് ആയിശ رضي الله عنها വിവരിക്കുന്നു. ''തിരുനബി ﷺ സ്ത്രീയെയോ വേലക്കാരനേയോ ഒരിക്കലും തന്നെ കൈകൊണ്ടടിച്ചിട്ടില്ല; അല്ലാഹു വിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്തപ്പോയൊഴികെ. ആരെങ്കിലും തിരു നബിയെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെ അതിന് പ്രതികാരം ചെയ്തി ട്ടില്ല. എന്നാൽ അല്ലാഹുവിന്റെ ആദരണീയമായ സ്ഥലത്തോടോ കൽപ നയോടോ അനാദരവ് കാട്ടിയിട്ടുണ്ടെങ്കിൽ അല്ലാഹുവിന് വേണ്ടി പ്രതി കാരം ചെയ്തിട്ടുണ്ട്.'' ക്ഷമാ ശീലത്തിന്റെ മകുടോദാഹരണമാണിത്. ഒരു ഹദീസിൽ വരുന്നു. ഹദ്റത്ത് അബൂ കബ്ശാ അൻസാരി رضي الله عنه വിവരി ക്കുന്നു. തിരുനബി ﷺ ഇപ്രകാരം അരുളുന്നതായി ഞാൻ കേട്ടു. ''മൂന്ന് കാര്യങ്ങളെക്കുറിച്ച് ഞാൻ താങ്കൾക്ക് താക്കീദ് നൽകുന്നു. ഞാൻ പറയുന്ന കാര്യം ശരിക്കും ഓർത്തുവെക്കുകയും ചെയ്യുക.'' നബി അരുളി. ''ആരുടെയും ധനം ദാനധർമ്മത്തേക്കാളും കുറഞ്ഞതല്ല. മർദ്ധി തൻ ക്ഷമിക്കുകയാണെങ്കിൽ അല്ലാഹു അവന്റെ ആദരവ് വർദ്ധിപ്പിക്കു ന്നു. യാചനയുടെ കവാടം തുറന്നിടുന്നവനിൽ അല്ലാഹു ദാരിദ്രത്തിന്റെ കവാടം തുറന്നിടുന്നതാണ്.''

ക്ഷമയുമായി ബന്ധപ്പെട്ട ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കു ന്നു. മർദ്ധിതരായ അവസ്ഥയിൽ അല്ലാഹുവിന് വേണ്ടി ക്ഷമ കൈക്കൊ ള്ളുകയാണെങ്കിൽ അല്ലാഹു ഈ പ്രവൃത്തി വളരെ ആദരവോടെ കാണു കയും അവരുടെ ആദരവ് അല്ലാഹു വർദ്ധിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ നിത്യ ജീവിതത്തിൽ ഈ ഒരു കാര്യം ജനങ്ങൾ മനസ്സിലാക്കിയി രുന്നെങ്കിൽ ശാന്തി സമാധാനം വിളയാടുന്ന ഒരു സമൂഹം കെട്ടിപ്പെടു ക്കാൻ സാധിക്കുമായിരുന്നു. ഉമർബിൻ സഅദ് رضي الله عنه തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു. തിരുനബി ﷺ അരുളി.''മുസ്‌ലിംകളുടെ കാര്യമോർത്ത് ഞാൻ അത്ഭുതപ്പെടുകയാണ്. അവർക്ക് വല്ല നന്മയും ലഭി ച്ചാൽ അവർ അല്ലാഹുവിന്ന് നന്ദി രേഖപ്പെടുത്തുകയും അവനെ സ്തുതി ക്കുകയും ചെയ്യുന്നു. ഇനി വല്ല പ്രയാസവും നേരിട്ടാൽ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് അവൻ ക്ഷമ കൈക്കൊള്ളുന്നു. മുസ്‌ലിമിന്റെ ഓരോ പ്രവർത്തനത്തിലും അവന് പ്രതിഫലം ലഭിക്കുന്നു. സ്വന്തം വായിൽ ഇടുന്ന അപ്പക്കഷണത്തിനുപോലും അവന് പ്രതിഫലം ലഭിക്കുന്നു.''

ശുഐബ്ബ്നു സൻആൻ رضي الله عنه വിവരിക്കുന്നു. റസൂലുല്ലാഹി ﷺ ഇപ്രകാരം അരുളി. മുഅ്മിന്റെ അവസ്ഥ അത്ഭുതം തന്നെ. സന്തോഷത്തി ലും സംതൃപ്തിയിലും അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അവന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ നന്ദിപ്രകടനം കൂടുതൽ അ നുഗ്രഹത്തിന് കാരണമായിത്തീരുന്നു. ഇനി അവന് വല്ല ദുഃഖവും പ്രയാസവും വ്യസനവും നഷ്ടവും വരികയാണെങ്കിൽ അവൻ ക്ഷമ കൈക്കൊള്ളുന്നു. ഇതും അവന് നന്മയായി പരിവർത്തിക്കപ്പെടുന്നു. കാരണം ക്ഷമ കൈകൊണ്ടുകൊണ്ട് അവന് പ്രതിഫലം കരസ്ഥമാക്കുന്നു.

ഹദ്റത്ത് അബൂ ഹുറൈറ رضي الله عنه വിവരിക്കുന്നു. തിരുനബി ﷺ അരു ളി. ''ഒരു മുസ്‌ലിമിന് വല്ല പ്രയാസവും, ബുദ്ധിമുട്ടും, വല്ല ദുഃഖവും വ്യസ നവും എത്രമാത്രമെന്നാൽ ഒരു മുള്ളുപോലും അവന് തറക്കുന്നത് എല്ലാം തന്നെ അവന്റെ ഓരോ പാപത്തിനുള്ള പ്രായശ്ചിത്തമാക്കി അല്ലാഹു മാറ്റുന്നു.'' ഇനി സുദീർഘമായ ഒരു നിവേദനമുണ്ട്. ഇതിൽ അല്ലാഹു ഇഷ്ടപ്പെടുന്നവരേയും ഇഷ്ടപ്പെടാത്തവരേയുംകുറിച്ച് പരാ മർഷമുണ്ട്. ഹദ്റത്ത് മുത്വരിഫ്ബ്നു അബ്ദുല്ല رضي الله عنه വിവരിക്കുന്നു. എനിക്ക് ഹദ്റത്ത് അബുദർ رضي الله عنه ന്റെ ഒരു നിവേദനം ലഭിച്ചു. അദ്ദേഹ വുമായി കൂടിക്കാഴ്ച നടത്തണമെന്ന് ഞാൻ ആഗ്രഹിച്ചു. അദ്ദേഹത്തെ പോയി കാണുകയും അദ്ദേഹത്തോട് ഞാൻ കാര്യങ്ങൾ പറയുകയും ചെയ്തു. അബൂദർ! താങ്കളുടെ ഒരു നിവേദനം എനിക്ക് ലഭിച്ചിട്ടുണ്ട്. താങ്കളുമായി കണ്ട് ഇതിനെക്കുറിച്ച് അന്വേഷിക്കണം എന്ന് ഞാൻ ആഗ്ര ഹിച്ചതായിരുന്നു. ഹദ്റത്ത് അബുദർ رضي الله عنه പറഞ്ഞു. ഏതായാലും ത മ്മിൽ കണ്ടല്ലോ, ഇനി ചോദിച്ചുകൊള്ളൂ. അപ്പോൾ ഞാൻ പറഞ്ഞു. മൂന്നു പേരെ അല്ലാഹു ഇഷ്ടപ്പെടുന്നു എന്നും മൂന്നുപേരെ അല്ലാഹു ഇഷ്ട പ്പെടുന്നില്ല എന്നും തിരുനബി ﷺ അരുളിയതായി പറഞ്ഞുകൊണ്ടുള്ള ഒരു നിവേദനം എന്റെ പക്കൽ എത്തിയിട്ടുണ്ട്. അപ്പോൾ അബൂദർ പറഞ്ഞു. തീർച്ചയായും. കാരണം, തിരുനബി ﷺ യുടെ പേരിൽ കളവു പറയുക എന്നത് എനിക്ക് ചിന്തിക്കാൻ പോലും കഴിയില്ല. അദ്ദേഹം ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കുകയുണ്ടായി. ഞാൻ ചോദി ച്ചു. അല്ലാഹു ഇഷ്ടപ്പെടുന്ന മൂന്ന് പേര് ആരെല്ലാമാണ്. അദ്ദേഹം പറ ഞ്ഞു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് പുറപ്പെടുകയും അതി

നുള്ള പ്രതിഫലം അല്ലാഹുവിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് യുദ്ധക്കളത്തിൽ പോരാടുകയും അവിടെ വെച്ച് വധിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിയെ അല്ലാഹു ഇഷ്ടപ്പെടുന്നു. വിശുദ്ധ ഖുർആനിൽ ഇതുസംബന്ധമായി നമുക്ക് കാണാം. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അണിയണിയായി നിന്നുകൊണ്ട് പോരാടുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. രണ്ടാമത്തെ വ്യക്തി, തന്റെ അയൽവാസികളിൽ നിന്ന് ഉപദ്രവം ഏൽക്കേണ്ടിവരികയും ആ ഉപദ്രവത്തിൽ ക്ഷമിച്ചുകൊണ്ടിരിക്കുകയും തന്നെ സ്വയം നിയന്ത്രിച്ചുകൊണ്ടിരിക്കുകയും മരണം വരുന്നതുവരെ ഇത് തുടരുകയുംചെയ്യുന്ന ആൾ. ഒരാൾ സമൂഹത്തോടൊപ്പം യാത്രചെയ്യുകയും ഉറക്കം അവരെ മാടിവിളിക്കുകയും അങ്ങനെ രാത്രിയിലെ അന്ത്യയാമങ്ങളിൽ അവർ ഒരു സ്ഥലത്ത് തങ്ങുകയും ചെയ്യുന്നു. അപ്പോൾ ആരാണോ എഴുന്നേറ്റ് വുളു എടുത്ത് നമസ്ക്കരിക്കുന്നത് അവരെയും അല്ലാഹു ഇഷ്ടപ്പെടുന്നു.

അല്ലാഹു ഇഷ്ടപ്പെടാത്ത മൂന്ന് വ്യക്തികൾ ഇവരാണ്, പൊങ്ങച്ചം പ്രകടിപ്പിക്കുന്നവരേയും അഹങ്കരിക്കുന്നവരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.''അഹങ്കരിക്കുന്നവരെയും പൊങ്ങച്ചം കാണിക്കുന്നവരേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഉപകാരങ്ങളെ എണ്ണിപ്പറഞ്ഞുകൊണ്ട് അതിനെ നിഷ്ഫലമാകുന്ന ലുബ്ധനേയും സത്യം ചെയ്തുകൊണ്ട് കച്ചവടം നടത്തുന്ന കച്ചവടക്കാരനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല.'' അല്ലാഹു ഇഷ്ടപ്പെടുന്നവരിൽ ക്ഷമാശീലരും ഉൾപ്പെടുന്നുണ്ട്. അവരെ അല്ലാഹു വളരെയധികം ഇഷ്ടപ്പെടുന്നു.ഹദ്റത്ത് അലി رضي الله عنه ഒരു സ്ഥലത്ത് പറയുന്നു.''വിശ്വാസത്തിൽ ക്ഷമക്കുള്ള സ്ഥാനം ശരീരത്തിൽ സിരസ്സിനുള്ള സ്ഥാനമാണ്. ക്ഷമയില്ലെങ്കിൽ ഈമാനും നിലനിൽക്കുന്നതല്ല.'' ഒരു വിശ്വാസി ഏതു രീതിയിലാണ് തന്റെ വികാരങ്ങൾ പ്രകടമാക്കേണ്ടതെന്നും എങ്ങനെ നിയന്ത്രിക്കണമെന്നുമെല്ലാം അല്ലാഹുവും അവന്റെ റസൂലും നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ദുആ ചെയ്യേണ്ടത് എങ്ങിനെയാണെന്നതിനെക്കുറിച്ച് ഒരു ഹദീസ് ഇപ്രകാരം വരുന്നുണ്ട്. ഉമ്മുസൽമാ رضي الله عنها വിവരിക്കുന്നു. ഞാൻ തിരുനബി ﷺ ഇപ്രകാരം പറയുന്നതായി കേട്ടു. ആർക്കാണോ പ്രയാസം നേരിടുന്നത് അവർ **ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ, അല്ലാഹുമ്മ അജിർനീ ഫീ മുസീബത്തീ വഖ്ലുഫ്നീ ഖൈറുമ്മിൻഹാ** ഞങ്ങൾ അല്ലാഹുവിന്റെതാണ്, അവിനിലേക്ക് തന്നെ മടങ്ങിപ്പോകുന്നവരാണ് അല്ലാഹുവേ എനിക്കുള്ള പ്രയാസത്തിന് പ്രതിഫലം നൽകേണമേ, എനിക്ക് ഇതിനുശേഷം ഉത്തമമായത് നൽകേണമേ എന്ന് ദുആ ചെയ്താൽ അല്ലാഹു ഇതിനു പകരമായി അദ്ദേഹത്തിന് പ്രതിഫലം നൽകുന്നതാണ്. ഇതിനേക്കാൾ ഉത്തമമായത് നൽകുകയും ചെയ്യുന്നതാണ്.

ഈ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വ്യക്തി ജീവിതത്തിലും ജമാഅത്തീ ജീവിതത്തിലും സമൂഹ ജീവിതത്തിലും എല്ലാം ഉണ്ട്. അവിടെയെല്ലാം നാം അനുവർത്തിക്കേണ്ട നയം അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് പ്രയാസങ്ങളിൽ സഹനം കൈക്കൊണ്ട് കൊണ്ട് ക്ഷമയും ധൈര്യവും പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ സംരക്ഷണത്തിൽ വന്നു അവനോട് സഹായം അർത്ഥിക്കുക എന്നതാണ്. പ്രയാസങ്ങലും പരീക്ഷണങ്ങളും അനുഭവിക്കുന്നവരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

الَّذِينَ إِذَآ أَصَابَتْهُم مُّصِيبَةٌ قَالُوٓا۟ إِنَّا لِلَّهِ
وَإِنَّآ إِلَيْهِ رَٰجِعُونَ ﴿١٥٧﴾ أُو۟لَٰٓئِكَ عَلَيْهِمْ صَلَوَٰتٌ
مِّن رَّبِّهِمْ وَرَحْمَةٌ وَأُو۟لَٰٓئِكَ هُمُ ٱلْمُهْتَدُونَ ﴿١٥٨﴾

ഇവരിൽ വല്ല പ്രയാസവും വന്നാൽ അവർ ഭയപ്പെടാതെ ഇപ്രകാരം പറയുന്നു. ഞങ്ങൾ അല്ലാഹുവിനുള്ളവരാണ്. അവനിലേക്ക് തിരിച്ചുപോകുന്നതാണ്. ഇവർക്കാണ് അവരുടെ നാഥനിൽ നിന്ന് അനുഗ്രഹങ്ങൾ ഇറങ്ങുക. കാരുണ്യവും ഇവരിൽ തന്നെയാണ് ഇറങ്ങുക. നേർമാർഗ പ്രാപ്തരും ഇവർ തന്നെ.

നേർമാർഗപ്രാപ്തരായവരുടെ ചില സംഭവങ്ങൾ ഞനിനി കേൾപ്പിക്കാം. ഇവർ നബി ﷺയുടെ സാമിപ്യം കരസ്ഥമാക്കിയവരണ്. ആ മഹാത്മാവിന്റെ സാന്നിധ്യത്താൽ ധന്യരായവരുമാണ്. മാത്രമല്ല നബി ﷺ യുടെ അധ്യാപനങ്ങൾ അവർ പ്രാവർത്തികമാക്കിക്കൊണ്ട് ക്ഷമയുടേയും സഹനത്തിന്റെയും ഉത്തമമാതൃകകൾ പ്രകടിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് ആയിശ رضي الله عنها വിവരിക്കുന്നു. മുസ്ലിംകൾ പരീക്ഷണ വിധേയരായപ്പോൾ ഹദ്റത്ത് അബൂബക്കർ رضي الله عنه വും മക്കയിൽ നിന്ന് ഹബ്ശയിലേക്ക് പാലായനം ചെയ്യാൻ പുറപ്പെട്ടു. വറക്കുൽ ഇമാദ് എന്ന സ്ഥലത്തെത്തിയപ്പോൾ കാറ ഗോത്രത്തിലെ നേതാവായ ഇബ്നുദ്ദഗ്ന അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തോട് ചോദിച്ചു. അബൂബക്കർ! എങ്ങോട്ടാണ് യാത്ര. അബൂബക്കർ رضي الله عنه പറഞ്ഞു. എന്റെ സമൂഹം എന്നെ പുറത്താക്കിയിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഭൂമിയിൽ എവിടെയെങ്കിലും പോയി സ്വതന്ത്രനായി തന്റെ നാഥനെ ആരാധിച്ചു ജീവിക്കാം എന്ന് ഉദ്ദേശിച്ചു പുറപ്പെട്ടിരിക്കുകയാണ്. ഇബ്നുദ്ദഗ്ന പറഞ്ഞു. നിങ്ങളെപോലെയുള്ള ഉന്നത വ്യക്തിത്വങ്ങൾ സ്വയം മക്കവിട്ട് പോകാനോ ജനങ്ങൾ നിങ്ങളെ പുറത്താക്കാനോ പാടില്ലാത്തതാണ്. മറഞ്ഞുപോയ നന്മകളെ നിലനിർത്തുന്നവരാണ് നിങ്ങൾ, രക്തബന്ധുക്കളോട് കാരുണ്യം കാണിക്കുന്നവരാണ് നിങ്ങൾ. അഗതികളുടെ ഭരം ചുമക്കുന്നവരും അതിഥി സൽക്കാരപ്രിയരും ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നവരുമാണ്. അതുകൊണ്ട് ഞാൻ താങ്കളെ എന്റെ സംരക്ഷണത്തിൽ വെക്കുന്നു. തിരിച്ച് നാട്ടിലേക്ക് പോകുക. നിങ്ങളുടെ ഈ നാട്ടിൽ നിങ്ങളുടെ നാഥനെ ആരാധിച്ച് ജീവിക്കുക.

ഹദ്റത്ത് അബൂബക്കർ رضي الله عنه തിരിച്ചു നാട്ടിലേക്ക് വന്നു. ഇബ്നുദ്ദഗ്നയും അദ്ദേഹത്തോടൊപ്പം തിരിച്ചുവന്നു. രാത്രിയിൽ ഖുറൈശി നേതാക്കളുടെ അടുത്ത് ചെന്ന് ഇബ്നുദ്ദഗ്ന പറഞ്ഞു. അബൂബക്കറിനെപ്പോലുള്ള വ്യക്തിത്വങ്ങൾ നാട്ടിൽ നിന്ന് സ്വയം പുറത്തുപോകാറില്ല. അവരെ പുറത്താക്കാറുമില്ല. ഇത്രയും ഉന്നത മൂല്യങ്ങളുള്ള വ്യക്തിത്വങ്ങളേയാണോ നിങ്ങൾ നാട്ടിൽ നിന്നും പുറത്താക്കുന്നത്. അപ്പോൾ ഖുറൈശികൾ ഇബ്നുദ്ദഗ്നയുടെ സംരക്ഷണം തിരസ്ക്കരിച്ചില്ല. അദ്ദേഹത്തോട് അവർ പറഞ്ഞു. നിങ്ങൾ അബൂബക്കറിനോട് ഒരു കാര്യം പറയണം. അദ്ദേഹം അദ്ദേഹത്തിന്റെ വീട്ടിനകത്ത് തന്റെ നാഥനെ ആരാധിച്ചുകൊള്ളട്ടെ. നമസ്ക്കാരം അവിടെ അനുഷ്ഠിക്കട്ടെ. എന്തുവേണമെങ്കിലും പാരായണം ചെയ്യാം. എന്നാൽ ഞങ്ങൾക്ക് ഒരുവിധ പ്രയാസവും ഏൽപ്പിക്കരുതെന്നു മാത്രം. ഉച്ച സ്വരത്തിൽ ഇതൊന്നും ചെയ്യാൻ പാടില്ല. ഞങ്ങളുടെ സ്ത്രീകളും കുട്ടികളും അദ്ദേഹത്തിന്റെ ഫിത്വ്നയിൽ കുടുങ്ങിപ്പോകുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. ഇബ്നുദ്ദഗ്ന ഈ കാര്യങ്ങളെല്ലാം ഹദ്റത്ത് അബൂബക്കർ رضي الله عنه നോട് പറഞ്ഞു. അങ്ങനെ അദ്ദേഹം സ്വന്തം വീടിനകത്ത് ഇബാദത്ത് ചെയ്യാൻ തുടങ്ങി. നമസ്ക്കാരത്തിൽ സ്വരം താഴ്ത്തുകയുണ്ടായി. വീട്ടിനകത്തല്ലാതെ മറ്റെവിടെയും വിശുദ്ധ ഖുർആൻ പാരായണം ചെയ്തിരുന്നില്ല. പിന്നീട് അദ്ദേഹം വീടിന്റെ മുറ്റത്ത് ഒരു പള്ളി നിർമ്മിച്ചു. അവിടെവെച്ച് നമസ്ക്കരിക്കുമായിരുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും ചെയ്തു. ആ സമയത്ത് ഖുറൈശി സ്ത്രീകളും കുട്ടികളും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എത്തിനോക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്കർ رضي الله عنه നെ കാണുമ്പോൾ അവർ അദ്ദേഹത്തിൽ ആകൃഷ്ടരാകുമായിരുന്നു.

ഹദ്റത്ത് അബൂബക്കർ കൂടുതലായി കരയുന്ന വ്യക്തിയായിരുന്നു.

വിശുദ്ധ ഖുർആന് പാരായണം ചെയ്യുന്ന സമയത്ത് തന്റെ കണ്ണുകളിലെ കണ്ണുനീരിനെ നിയന്ത്രിക്കാൻ സാധിച്ചിരുന്നില്ല. ഈ അവസ്ഥ ഖുറൈശി നേതാക്കളെ വളരെയധികം അസ്വസ്ഥരാക്കി. ഇബ്നുദ്ദഗ്നയുടെ അടുക്കലേക്ക് തങ്ങളുടെ ഒരു സന്ദേശവാഹകനെ അവർ അയച്ചു. അദ്ദേഹത്തെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു. ഞങ്ങൾ അബൂബക്കറിന് ഇവിടെ താമസിക്കാൻ അനുവാദം നൽകിയപ്പോൾ ചില നിബന്ധനകൾ വെച്ചിരുന്നു. അദ്ദേഹം സ്വന്തം വീടിനകത്ത് ഇബാദത്ത് നടത്തുന്നതായിരിക്കും. എന്നാൽ ഇപ്പോൾ അദ്ദേഹം അത് ലംഘിച്ചിരിക്കുന്നു. ഇപ്പോൾ വീടിന്റെ മുറ്റത്ത് പള്ളി നിർമ്മിച്ചിരിക്കുന്നു. അദ്ദേഹം ഉച്ചത്തിൽ അവിടെവെച്ച് നമസ്ക്കരിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുന്നു. ഈ പ്രവർത്തി ഞങ്ങളുടെ സ്ത്രീകളേയും കുട്ടികളേയും വല്ല പരീക്ഷണത്തിലും അകപ്പെടുത്തുമോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ട് നീ പോയി അദ്ദേഹത്തോട് ചോദിക്കുക. എന്റെ സംരക്ഷണം നിങ്ങൾ നിഷേധിക്കുകയാണോ? കാരണം നിന്നോട് ചെയ്തിരിക്കുന്ന കരാറുകൾ നിഷേധിക്കാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. മാത്രമല്ല അബൂബക്കറിന് പരസ്യമായി ആരാധന സ്വാതന്ത്ര്യം നൽകാനും ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു. ഇബ്നുദ്ദഗ്ന അബൂബക്കർ (റ) ന്റെ അടുത്ത് വന്നുകൊണ്ട് പറഞ്ഞു: ഞാൻ ഏതൊരു നിബന്ധനയാണൊ പറഞ്ഞിരുന്നത് ഒന്നെങ്കിൽ അതിൽ നിലനിൽക്കുക, അല്ലെങ്കിൽ എന്റെ സംരക്ഷണത്തിൽ നിന്ന് സ്വതന്ത്രനാകുക. കാരണം ഞാൻ ആരോടാണോ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് അവരുമായുള്ള കരാറുകൾ ഞാൻ തള്ളിക്കളഞ്ഞുവെന്ന് നാളെ അറബ് സമൂഹം പറയാൻ ഇടയാകരുത്. അപ്പോൾ ഹദ്റത്ത് അബൂബക്കർ (റ) പറഞ്ഞു. ഞാൻ താങ്കളുടെ സംരക്ഷണം താങ്കൾക്ക് തിരിച്ചു നൽകുന്നു. ആദരണീയനായ അല്ലാഹുവിന്റെ സംരക്ഷണത്തെ ഞാൻ ഇഷ്ടപ്പെടുന്നു. ഇതിനുശേഷം ഖുറൈശികൾ ഹദ്റത്ത് അബൂബക്കർ (റ) ന് വിവിധങ്ങളായ പ്രയാസങ്ങൾ നൽകുകയുണ്ടായി. എന്നാൽ അദ്ദേഹം സുശക്തമായ പാറപോലെ അതിനെ നേരിട്ടുകൊണ്ട് ഉറച്ചുനിന്നു. നിവേദനങ്ങളിൽ വരുന്നു. നിഷേധികൾ ഹദ്റത്ത് അബൂബക്കറിനെ കണക്കിന് പ്രഹരിച്ചിരുന്നു. തലയും താടിയും പിടിച്ച് വലിക്കുമായിരുന്നു. ഇതുകാരണം തലയിലേയും താടിയിലേയും രോമങ്ങൾ കൂടുതലും വീണുപോയിരുന്നു. ഈ പീഢനങ്ങളെല്ലാം അദ്ദേഹം സഹിക്കുകയും സഹനം കൈക്കൊള്ളുകയും ചെയ്തു.

ഇന്ന് പാക്കിസ്ഥാനിലും ഇതേ അവസ്ഥയാണ്. അവർ പറയുന്നത് നിങ്ങൾക്ക് നമസ്ക്കരിക്കാൻ പാടില്ല. ഇത് ഞങ്ങളുടെ ബലഹീന വിശ്വാസികളെ വഴിതെറ്റിക്കുന്നതാണ്. നിങ്ങൾ നമസ്ക്കരിച്ചുകൊണ്ട് മുസ്ലീംകളെപ്പോലെയാണെന്ന് പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് കിരാത ഓർഡിനൻസ് അവിടെ പാസാക്കിയിരിക്കുന്നത്. ഇന്നലെ രണ്ട് സ്ഥലത്തുനിന്ന് വന്നവാർത്ത ഇപ്രകാരമാണ്. പത്രങ്ങളിലും ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനഹ്മദീ മുല്ലകൾ പോലീസിൽ നൽകിയ ഒരു കേസ്സ് ഇതാണ്. ബലി പെരുന്നാളിന് അഹ്മദികൾ മൃഗബലി നടത്തുന്നു. അത് ഇസ്ലാമിന്റെ അടയാളമാണ്. അതുകൊണ്ട് ഈ പ്രവർത്തി തടയേണ്ടതാണ്. ഞങ്ങളുടെ വികാരം വ്രണപ്പെടുന്നുണ്ട്. പിന്നീട് പോലീസ് നമ്മളെ വിളിപ്പിച്ചു. പോലീസിന്റെ അവസ്ഥയും പരിതാപകരം തന്നെ. നമ്മെ വിളിപ്പിച്ച് വാണിംങ്ങ് നൽകിയിരിക്കുകയാണ്. നിങ്ങൾക്ക് ബലി നടത്തണമെന്നുണ്ടെങ്കിൽ ചുറ്റുമതിലുകൾക്കുള്ളിൽ മാത്രം നടത്താനുള്ള അനുവാദമാണുള്ളത്. പുറത്ത് ആരും അറിയാൻ പാടില്ല. ഖുർബാനി ചെയ്യാനുള്ള ഒരവകാശവും നിങ്ങൾക്കില്ല. മാത്രമല്ല മുസ്ലിംകളുടെ വികാരം വ്രണപ്പെടുത്താനുള്ള ഒരവകാശവും നിങ്ങൾക്കില്ല. അഹ്മദികൾ പൊതുവിൽ ഖുർബാനി ചെയ്യുന്നത് സ്വകാര്യമായിട്ട് തന്നെയാണ്. നല്ല അടുത്ത് ബന്ധമുള്ളവരോട് മാത്രമേ ഇത് പറയാറുള്ളൂ. മറ്റാർക്കും ഇത് അറിയുകപോലുമില്ല. എന്നാലും എന്തെങ്കിലും ഒരു കുഴപ്പം ഉണ്ടാക്കണമെന്ന ഉദ്ദേശത്തിലാണ് ഇത് പറഞ്ഞ് പ്രശ്നമുണ്ടാക്കുന്നത്.

ഒരു നിവേദനത്തിൽ വരുന്നു. ഹദ്റത്ത് ഉമ്മു ശരീഖ് (റ) ഇസ്ലാം സ്വീകരിച്ചപ്പോൾ ഖുറൈശി സ്ത്രീകളെ രഹസ്യമായി തബ്ലീഗ് ചെയ്യാൻ തുടങ്ങി. (ഒരു സ്ത്രീ പ്രകടിപ്പിച്ച ക്ഷമയുടെ ഉദാത്ത മാതൃകയാണിത്) ഖുറൈശികൾക്ക് ഇതു സംബന്ധമായി അറിവ് ലഭിച്ചപ്പോൾ അവർ പറഞ്ഞു. ഞങ്ങൾ നിന്നെ നിന്റെ ഗോത്രക്കാരുടെ അടുത്ത് കൊണ്ടുപോകും. അങ്ങിനെ അവർ ഒട്ടകപ്പുറത്ത് ഒന്നും വിരിക്കാതെ ഉമ്മുശരീഖിനെ ഇരുത്തി. അവർ പറയുന്നു; ''മൂന്ന് ദിവസം വരെ എനിക്ക് ഭക്ഷണമോ വെള്ളമോ ഒന്നും തന്നില്ല. ഇതുകാരണം ബോധം ഇല്ലാതെയായി. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ഒരു സ്ഥലത്ത് ഈ സംഘം താവളമടിച്ചു. അവരെല്ലാം തണലുള്ള സ്ഥലത്തേക്ക് പോയി. എന്നെ പൊരിവെയിലത്ത് കെട്ടിയിട്ടു.'' ഉമ്മുശരീഖ് പറയുന്നു. ''ഈ അവസ്ഥയിൽ ഞാൻ വെള്ളത്തിന്റെ ഒരു പാത്രം കണ്ടു. ഞാൻ അതിൽ നിന്നും അൽപം കുടിക്കും. പിന്നീട് അത് എന്നിൽ നിന്നും അകന്നുപോകും. അൽപം കഴിഞ്ഞ് ഞാൻ വീണ്ടും അതെടുത്ത് കുടിക്കും. അപ്പോഴേക്കും അത് എന്നിൽ നിന്നും അകന്നുപോകും. ഇങ്ങനെ കുറെ പ്രാവശ്യം സംഭവിച്ചു. അങ്ങിനെ എനിക്ക് പൂർണ്ണമായ ദാഹശമനം കൈവന്നു. ബാക്കിയുള്ള വെള്ളം അവർ തന്റെ ശരീരത്തിലും വസ്ത്രത്തിലും കുടഞ്ഞു.'' യാത്ര സംഘം ഉണർന്നെഴുന്നേറ്റ് നോക്കിയപ്പോൾ വെള്ളത്തിന്റെ അടയാളവും അവരുടെ നല്ല അവസ്ഥയും കണ്ടു. അവർ പറഞ്ഞു. ''നീ കെട്ടഴിച്ച് ഞങ്ങളുടെ വെള്ളം കുടിച്ചിരിക്കുകയാണ്.'' ഉമ്മുശരീഖ് പറഞ്ഞു. ''അല്ലാഹുവാണേ സത്യം ഞാൻ വെള്ളം എടുത്തിട്ടില്ല.'' പിന്നീട് നടന്നതെല്ലാം അവരെ കേൾപ്പിച്ചു. ഇതുകേട്ടപ്പോൾ അവർ പറഞ്ഞത് ''നീ പറഞ്ഞത് ശരിയാണെങ്കിൽ നിന്റെ മതം സത്യമാണ്.'' പിന്നീട് അവർ അവരുടെ വെള്ളപാത്രത്തിന്റെ അടുത്ത്പോയി പരിശോധിച്ചപ്പോൾ അവർ വെച്ചിരുന്ന അത്രതന്നെ വെള്ളം കാണുകയുണ്ടായി. ഈ കാരണംകൊണ്ട് അവർ ഇസ്ലാം സ്വീകരിച്ചു.

ക്ഷമയുടെ പ്രതിഫലം അല്ലാഹു നൽകുകയും ദാഹമെല്ലാം തീർക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്തു. ഒരു നിവേദനത്തിൽ വരുന്നു. അബൂ ഫുകയ്ഹ്, ബനി അബ്ദുദ്ദാറിന്റെ അടിമയായിരുന്നു. അദ്ദേഹം ഇസ്ലാം സ്വീകരിച്ചപ്പോൾ ഇസ്ലാം ഉപേക്ഷിക്കാനായി കഠിനമായ പീഢനങ്ങളാണ് അവർ നൽകിയത്. എന്നാൽ അദ്ദേഹം ഇസ്ലാം ഉപേക്ഷിക്കാൻ തയ്യാറായില്ല. അബ്ദിദ്ദാർ ഗോത്രക്കാർ നട്ടുച്ച സമയത്ത് അദ്ദേഹത്തിന്റെ വസ്ത്രം അയിച്ചുമാറ്റിക്കൊണ്ട് ചുട്ടുപഴുത്ത മണലാരണ്യത്തിൽ കമഴ്ത്തിക്കിടത്തുകയും വലിയ പാറക്കല്ല്കൊണ്ട് വന്ന് അദ്ദേഹത്തിന്റെ മുതുകത്ത് വെക്കുകയും ചെയ്യുമായിരുന്നു. ഇതുകാരണം അദ്ദേഹം ബോധരഹിതനാകുമായിരുന്നു. എന്നാൽ തന്റെ വിശ്വാസത്തിന് പോറലേൽക്കാൻ അദ്ദേഹം അനുവദിച്ചില്ല.

ഹദ്റത്ത് ബിലാൽ (റ) ന്റെ സംഭവം നമ്മൾ എപ്പോഴും കേൾക്കാറുള്ളതാണ്. ഉമയ്യുബ്നു ഖൽഫിന്റെ അടിമയായിരുന്നു ഇദ്ദേഹം. ഉമയ്യ അദ്ദേഹത്തെ നട്ടുച്ചക്ക് പരുപരുത്ത സ്ഥലത്ത് കിടത്തി വലിയ പാറക്കല്ല് അദ്ദേഹത്തിന്റെ ശരീരത്തിൽ കയറ്റിനെച്ചുകൊണ്ട് ലാത്തിനേയും ഉസ്സയേയും ആരാധിക്കാനും മുഹമ്മദിനെ നിഷേധിക്കാനും അല്ലെങ്കിൽ ഇങ്ങിനെത്തന്നെ പീഢിപ്പിച്ച് നിന്നെ കൊല്ലുന്നതാണ് എന്നും പറയുമായിരുന്നു. അപ്പോഴെല്ലാം ഹദ്റത്ത് ബിലാൽ (റ) പറയാറുള്ളത് അഹദ്, അഹദ് എന്നാണ്. അല്ലാഹു ഏകനാണ്, അല്ലാഹു ഏകനാണ്. ഹദ്റത്ത് അബൂബക്കർ (റ) ഈ പീഢനമുറകൾ ഒരു നാൾ കാണുകയുണ്ടായി. ഉമയ്യുബ്നു ഖൽഫിന് ഒരു അടിമയെ നൽകി ഹദ്റത്ത് ബിലാലിനെ വാങ്ങി സ്വതന്ത്രനാക്കുകയുണ്ടായി.

ഹദ്റത്ത് ഖബ്ബാബ് رضي الله عنه വിന്റെ സംഭവവും നിവേദനത്തിൽ വരുന്നുണ്ട്. ഹദ്റത്ത് ഉമർ رضي الله عنه ന്റെ കാലത്ത് ഹദ്റത്ത് ഖബ്ബാബ് അദ്ദേഹത്തിന്റെ സദസ്സിൽ വന്നു. ഹദ്റത്ത് ഖബ്ബാബിനെ വിളിച്ചുവരുത്തി പ്രത്യേക സ്ഥാനത്ത് അദ്ദേഹത്തെ ഇരുത്തുകയുണ്ടായി. എന്നിട്ട് പറഞ്ഞു. ഖബ്ബാബ്! എന്റെ കൂടെ ഇവിടെ ഇരിക്കാൻ താങ്കൾ അർഹനാണ്. താങ്കളെക്കാളും ഇവിടെ ഇരിക്കാൻ അർഹതയുള്ള മറ്റൊരാളെയും ഞാൻ കണ്ടില്ല, ബിലാൽ ഒഴികെ. അപ്പോൾ ഖബ്ബാബ് പറഞ്ഞു. അമീറുൽ മുഅ്മിനീൻ! ബിലാൽ رضي الله عنه തീർച്ചയായും അർഹനാണ്. എന്നാൽ ബിലാലിനെ ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ ആരെങ്കിലും ഉണ്ടായിരുന്നു. എന്നാൽ അവരുടെ മർദ്ദനത്തിൽ നിന്നും എന്നെ രക്ഷപ്പെടുത്താൻ ആരും ഉണ്ടായിരുന്നില്ല. ഒരു ദിവസം നിഷേധികൾ എന്നെ പിടികൂടുകയും തീ കത്തിച്ച് അതിൽ എന്നെ എറിയുകയും ചെയ്തു. പിന്നീട് അവരിൽ ഒരാൾ എന്റെ നെഞ്ചത്ത് കാൽവെച്ചു. അദ്ദേഹം ഇതും പറഞ്ഞുകൊണ്ട് തന്റെ മുതുകു ഭാഗത്തുള്ള വസ്ത്രം നീക്കി തീയിൽ തൊലി കരിഞ്ഞുപോയതിന്റെ അടയാളം ഹദ്റത്ത് ഉമർ رضي الله عنه ന് കാണിച്ചുകൊടുത്തു. ഹദ്റത്ത് ഖബ്ബാബ് കൊല്ലപ്പണിക്കാരനായിരുന്നു. നബി ﷺ യെ സഹായിക്കാനായി അദ്ദേത്തിന്റെ അടുത്ത് വരാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉടമസ്ഥനായിരുന്ന ഉമ്മെ അൻവാറിന് ഈ വാർത്ത ലഭിച്ചു. അദ്ദേഹം ഒരു ഇരുമ്പ് കഷണം ചൂടാക്കി അദ്ദേഹത്തിന്റെ തലയിൽ വെക്കുമായിരുന്നു. ഹദ്റത്ത് ഖബ്ബാബ് رضي الله عنه ഇക്കാര്യം തിരുനബി ﷺ യുടെ അടുത്ത് വിവരിച്ചു. തിരുനബി ﷺ ഇപ്രകാരം ദുആ ചെയ്തു. **അല്ലാഹുമ്മൻസുറ് ഖബ്ബാബ.** അല്ലാഹുവേ ഖബ്ബാബിനെ നീ സഹായിക്കേണമേ. ഇത് കാരണം അദ്ദേഹത്തിന്റെ ഉടമസ്ഥനായ ഉമ്മെ അൻവാറിന്റെ തലയിൽ ഒരു വേദന വരികയും ആ വേദന കാരണം നായ്ക്കളെ പോലെ അയാൾ അലറുമായിരുന്നു. വൈദ്യൻ അതിന്റെ ചികിത്സയായി പറഞ്ഞത് ഇരുമ്പ് ചൂടാക്കി അയാളുടെ തലയിൽ വെക്കുക എന്നായിരുന്നു. ഹദ്റത്ത് ഖബ്ബാബ് പറയുന്നു. ''ഞാൻ പിന്നീട് അയാളുടെ തലയിൽ ഇരുമ്പകഷണം ചൂടാക്കി വെക്കുമായിരുന്നു.'' നോക്കുക അല്ലാഹു ഏതുരീതിയിലാണ് പ്രതികാരം ചെയ്തത്.

ഹദ്റത്ത് ഉസ്മാൻ رضي الله عنه വലീദ്ബ്നു മുഗീറയുടെ സംരക്ഷണത്തിൽ രാവിലെയും വൈകുന്നേരവും കഴിച്ചുകൂട്ടുമ്പോൾ അദ്ദേഹം മുസ്‌ലിംകൾക്ക് നേരിടേണ്ടിവരുന്ന പ്രയാസങ്ങൾ കാണുകയുണ്ടായി. അപ്പോൾ അദ്ദേഹം മനസ്സിൽ ചിന്തിച്ചു. ഒരു ബഹുദൈവ വിശ്വാസിയുടെ സംരക്ഷണത്തിൽ രാവും പകലും കഴിച്ചുകൂട്ടുന്നത് എന്നിലുള്ള എന്തോ പാപം ഹേതുവായാണ്. എന്റെ സുഹൃത്തുക്കളും സഹോദരന്മാരും അല്ലാഹുവിന്നവേണ്ടി കഷ്ടപ്പാടുകളും പ്രയാസങ്ങളും സഹിച്ചുകൊണ്ടിരിക്കുകയാണ്. തുടർന്ന് അദ്ദേഹം വലീദ്ബ്നു മുഗീറയുടെ അടുത്തേക്ക് ചെന്ന് പറഞ്ഞു. ''അബ്ദുശംസ്! നിങ്ങളുടെ സംരക്ഷണം കഴിഞ്ഞു. അതിനാൽ നിങ്ങളുടെ സംരക്ഷണം ഇനി വേണ്ട.'' അയാൾ ചോദിച്ചു. ''എന്റെ സഹോദര പുത്രാ, എന്തുപറ്റി, എന്റെ സമൂഹത്തിലെ ആരെങ്കിലും നിന്നെ ബുദ്ധി മുട്ടിച്ചോ.'' അദ്ദേഹം പറഞ്ഞു. ''ഞാൻ അല്ലാഹുവിന്റെ സംരക്ഷണമാണ് ഇഷ്ടപ്പെടുന്നത്. മറ്റാരുടേയും സംരക്ഷണത്തിൽ വരാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'' വലീദ് പറഞ്ഞു. ''മസ്ജിദുവരെ (കഅബ) എന്റെ കൂടെ നീയും വരിക. നിന്റെ സംരക്ഷണം ജനങ്ങളുടെ മുമ്പാകെ വിളംബരപ്പെടുത്തിക്കൊണ്ടാണ് ഞാൻ ഏറ്റെടുത്തത്. അതിനാൽ പൊതുവിളംബരത്തിലൂടെ തന്നെ സംരക്ഷണം എനിക്ക് വേണ്ടെന്ന് ജനങ്ങളോട് പറയുക.'' ഹദ്റത്ത് ഉസ്മാൻബ്നു മദ്ഊൻ رضي الله عنه പറയുന്നു. ''അങ്ങനെ ഞങ്ങൾ കഅ്ബയിൽ എത്തി. വലീദ് പറഞ്ഞു. ഇത് ഉസ്മാനാണ്. എന്റെ സംരക്ഷണം തിരിച്ചു തരാനാണ് ഇവിടെ വന്നിരിക്കുന്നത്. ഹദ്റത്ത് ഉസ്മാൻ പറഞ്ഞു. ഇദ്ദേഹം പറഞ്ഞത് ശരിയാണ്. ഇദ്ദേഹം തന്റെ വാഗ്ദാനം പൂർത്തിയാക്കുന്നവനും ആദരണീയനുമാണ്. എന്നാൽ ഞാൻ അല്ലാഹുവിന്റെ സംരക്ഷണത്തിലല്ലാതെ മറ്റാരുടെയും സംരക്ഷണത്തിൽ വരാൻ ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ സംരക്ഷണം എനിക്ക് വേണ്ട എന്ന് പറഞ്ഞത്.'' പിന്നീട് ഉസ്മാൻ അവിടെ നിന്ന് പോയി. ലബീദ്ബ്നു റബിയ്യ ഖുറൈശികളുടെ സദസ്സിൽ തന്റെ പദ്യം കേൾപ്പിക്കുകയായിരുന്നു. ഹദ്റത്ത് ഉസ്മാനുബ്നു മദ്ഊനും അവിടെ ഉണ്ടായിരന്നു. ലബീദ് കവിത കേൾപ്പിച്ചു. **അലാകുല്ലു ശൈഇൻ മാ ഖലല്ലാഹ ബാത്വിലുൻ**. അല്ലാഹു അല്ലാത്ത എല്ലാംതന്നെ വ്യർത്ഥമാണ്. ഇത് കേട്ട് ഉസ്മാൻ رضي الله عنه പറഞ്ഞു. ലബീദ് പറഞ്ഞത് തികച്ചും സത്യമാണ്. ലബീദ് പറഞ്ഞു. **കുല്ലു നഈമിൻ ലാ മഹാലത്ത സാഇലു.** എല്ലാ അനുഗ്രഹങ്ങളും തന്നെ നിസംശയം ഇല്ലാതായിത്തീരുന്നതാണ്. ഇതുകേട്ടപ്പോൾ ഉസ്മാൻ رضي الله عنه പറഞ്ഞു. ഇത് ശരിയല്ല. സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. ലബീദ്ബ്നു റബിയ്യ പറഞ്ഞു. ഖുറൈശികളെ, ഇതിനുമുമ്പ് നിങ്ങളിൽ ആരും എന്നെ ബുദ്ധിമുട്ടിപ്പിക്കാറില്ലായിരുന്നു. എന്നെ ശല്യപ്പെടുത്തുന്ന ശീലം എപ്പോഴാണ് നിങ്ങൾ തുടങ്ങിയത്. അതിൽ ഒരാൾ എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു. നമ്മളുടെ ഇടയിൽ ഒരു വിഢ്ഢിയുണ്ട്. അദ്ദേഹം നമ്മുടെ ദീനിൽ നിന്നും വിട്ടുപോയിരിക്കുന്നു. അതിനാൽ അയാളുടെ വാക്കുകൾ കാരണം നീ ഒരു വിധത്തിലുള്ള വെറുപ്പും മനസ്സിൽ വെക്കരുത്. ഉസ്മാൻ رضي الله عنه അതിനു മറുപടി നൽകി. പിന്നീട് പരസ്പരം സംസാരമായി. അന്തരീക്ഷം വഷളായി. ഒരാൾ എഴുന്നേറ്റ് നിന്ന് അദ്ദേഹത്തിന്റെ കണ്ണിന് ഒരൊറ്റ ഇടി കൊടുത്തു. അതുകാരണം കണ്ണ് പുറത്തേക്ക് തള്ളിവന്നു. വലീദ്ബ്നു മുഗീറ അടുത്തിരുന്ന് ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു. ''അല്ലാഹുവാണെ സത്യം. എന്റെ സഹോദരപുത്രാ, എന്റെ ആദരണീയമായ സംരക്ഷണത്തിലായിരുന്നെങ്കിൽ നിന്റെ കണ്ണിന് ഇപ്പോൾ ഏൽക്കേണ്ടിവന്ന ഈ അവസ്ഥ ഉണ്ടാകുമായിരുന്നോ.'' ഹദ്റത്ത് ഉസ്മാൻ رضي الله عنه പറഞ്ഞു. ''അല്ലാഹുവാണെ സത്യം, എന്റെ മറ്റെ കണ്ണും ഈ കണ്ണിന് ലഭിച്ചതുപോലെ ലഭിക്കാൻ പ്രതീക്ഷിച്ചിരിക്കുകയാണ്. അബൂ അബ്ദുശ്ശംസ്! നിങ്ങളെക്കാലും ആദരവുള്ള അസ്ഥിത്വത്തിന്റെ സംരക്ഷണത്തിലാണ് ഞാനുള്ളത്. അവൻ അതിശക്തനാണ്.'' വലീദ്ബ്നു മുഗീറ പറഞ്ഞു. ''എന്റെ സഹോദരപുത്രാ, വേണമെങ്കിൽ വീണ്ടും നിനക്ക് എന്റെ സംരക്ഷണത്തിൽ വരാവുന്നതാണ്.'' എന്നാൽ ഉസ്മാൻ അത് നിഷേധിക്കുകയാണ് ചെയ്തത്.

നബി ﷺ സഹാബാക്കൾക്ക് സ്നേഹത്തിന്റെയും സഹനത്തിന്റെയും നവം നവങ്ങളായ മാർഗ്ഗങ്ങളാണ് പഠിപ്പിച്ചുകൊടുത്തത്. റജീഅ് സംഭവത്തിൽ തടവിലാക്കപ്പെട്ട സഹാബാക്കളിൽ സൈദ്ബ്നു ദുസന്ന رضي الله عنه വും ഉണ്ടായിരുന്നു. സഫ്‌വാനുബ്നു ഉമയ്യയായിരുന്നു അദ്ദേഹത്തെ വിലക്ക് വാങ്ങിയത്. തന്റെ പിതാവിന്ന് പ്രായശ്ചിത്തം ചെയ്യുന്നതിനാണ് വാങ്ങിയത്. സൈദിനെ വധിക്കാനായി മൈതാനത്ത് കൊണ്ടുപോയപ്പോൾ അബുസുഫ്‌യാൻ സൈദിനോട് ചോദിച്ചു. ''അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ട് ഞാൻ ചോദിക്കുന്നു. നിനക്ക് പകരം ഇവിടെ മുഹമ്മദ് വധിക്കപ്പെടാനും നീ നിന്റെ വീട്ടുകാരോടൊപ്പം സുഖമായിരിക്കാനും നീ ഇഷ്ടപ്പെടുന്നില്ലേ.'' സൈദ് رضي الله عنه പറഞ്ഞു. ''അല്ലാഹുവാണെ സത്യം, റസൂലുല്ലാഹി ﷺ ഇപ്പോൾ ഉള്ള സ്ഥലത്ത് നിന്ന് അദ്ദേഹത്തിന് ഒരു മുള്ള് തറക്കുകയും ആ അവസ്ഥയിൽ ഞാൻ വീട്ടുകാരോടൊപ്പം ഇരിക്കുകയും ചെയ്യുന്നതുപോലും ഞാൻ ഇഷ്ടപ്പെടുന്നില്ല.'' അബൂസുഫ്‌യാൻ പറഞ്ഞു. ''മുഹമ്മദ് റസൂലുല്ലായുടെ സഹാബത്ത് അദ്ദേഹത്തെ സ്നേഹിക്കുന്നതുപോലെ ആരെങ്കിലും മറ്റൊരാളെ സ്നേഹിക്കുന്നതായി ഞാൻ കണ്ടിട്ടില്ല.''

ആ കാലത്തുള്ള ഉമ്മമാർ എങ്ങനെയാണ് തന്റെ മക്കളെ ഉപദേശിച്ചിരുന്നത് എന്നതിനുള്ള ഉദാഹരണം നമുക്ക് കാണാം. ഒരു നിവേദനത്തിൽ

വരുന്നു. അബ്ദുല്ലാബ്നു ജുബൈർ رضي الله عنه ശഹീദാക്കപ്പെട്ട ആ ദിവസം അദ്ദേഹം കാലത്ത് തന്റെ മാതാവിന്റെ അടുത്ത് പോയിരുന്നു. ഉമ്മ മകനോട് പറഞ്ഞത്, ''മകനെ മരണഭയം കാരണം നിന്ദ്യത ഏറ്റുവാങ്ങേണ്ടി വരുന്ന ഒരു നിബന്ധനയും നീ അംഗീകരിക്കരുത്. അല്ലാഹുവാണെ സത്യം അഭിമാനത്തോടുകൂടി വാളിന്നിരയാകുക എന്നത് നിന്ദ്യതയോടെ ചാട്ടവാറടി കൊള്ളുന്നതിനെക്കാളും എത്രയോ ഉത്തമമാണ്.'' ഈ നിവേദനത്തിലും വിശ്വാസ വീര്യം പ്രകടമാണ്. തന്റെ മകനോട് ഉപദേശിക്കുന്നത് വിശ്വാസത്തിൽ ഒരിക്കലും ഒരു ചാഞ്ചാട്ടവും അനുവതിച്ചുപോകരുതെന്നാണ്. ത്യാഗത്തിന്റെയും ക്ഷമയുടേയും അതിമഹത്തായ ഉദാഹരണങ്ങളാണിത്. സ്ത്രീകളുടേയും പുരുഷന്മാരുടേയും ഇങ്ങിനെയുള്ള മാതൃകകൾ ഇസ്‌ലാമിക ചരിത്രത്തിൽ നിറഞ്ഞു കിടക്കുന്നു. ഇതെല്ലാം വിവരിച്ചുകൊണ്ട് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു.

''നമ്മുടെ നബി ﷺ ഒരിക്കലും തന്നെ യുദ്ധത്തിന് തുടക്കം കുറിച്ചിട്ടില്ല. ഒരു ദീർഘകാലംവരെ എതിരാളികളുടെ കരങ്ങളാൽ ദുഃഖം സഹിക്കുകയാണ് ചെയ്തത്. അതിൽ വളരെയധികം സഹനം കൈകൊള്ളുകയും ചെയ്തു. ഇത്രയധികം സഹനം കൈക്കൊള്ളുക എന്നത് സാധാരണ മനുഷ്യന് കഴിയുന്നതല്ല. സഹാബാക്കളും ഈ ഒരു നയം തന്നെയാണ് സ്വീകരിച്ചിരുന്നത്. പ്രയാസങ്ങൾ സഹിക്കുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്യുക എന്ന് അവരോട് കൽപിക്കപ്പെട്ടപ്പോൾ അവർ ക്ഷമ കൈകൊണ്ടു. അവർ കാലിന്നടിയിൽ ചവിട്ടിമതിക്കപ്പെട്ടു. എന്നാൽ അവർ ഒന്നും പ്രതികരിച്ചില്ല. അവരുടെ മക്കൾ അവരുടെ കൺമുമ്പാകെ തുണ്ടം തുണ്ടമാക്കപ്പെടുകയുണ്ടായി. തീ, വെള്ളം മുതലായവകൊണ്ട് അവർ ശിക്ഷിക്കപ്പെട്ടു. എന്നാൽ ഈ വിധ തിന്മകൾളെ പ്രതികരിച്ചില്ല. മുലകുടിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ പ്രതികരിക്കാത്തവരായി അവർ മാറി. പ്രതികരണ ശക്തി ഉണ്ടായിട്ടുകൂടി എതിർപ്പുകളേ നേരിടാതെ, വിനീതരായുംകൊണ്ട് തിരിച്ചടിക്കുന്നതിൽ നിന്ന് വിട്ടുനിന്ന ഇതുപോലുള്ള ഉദാഹരണം മറ്റേതു പ്രവാചക അനുയായികളിലാണ് കാണാൻ സാധിക്കുക. ധൈര്യവും സംഘടിത ശക്തിയും കരുത്തും എന്തും നേരിടാനുള്ള ചങ്കൂറ്റവും പൗരുഷവും എല്ലാം ഉണ്ടായിട്ടുകൂടി 13 വർഷക്കാലംവരെ രക്തദാഹികളായ എതിരാളികളുടെ എതിർപ്പുകൾ സഹിക്കുകയും ക്ഷമിക്കുകയും ചെയ്തുകൊണ്ട് അതിനെ പ്രതികരിക്കാതെ കഴിച്ചുകൂട്ടിയ സമൂഹത്തിന്റെ ഉദാഹരണം മുമ്പുള്ള പ്രവാചക സമൂഹത്തിൽ കാണാൻ സാധിക്കുമോ. നമ്മുടെ സയ്യിദും നേതാവുമായ തിരുദൂതരുടേയും അദ്ദേഹത്തിന്റെ സഹാബത്തിന്റെയും ഈ ക്ഷമയും സഹനവും കഴിവില്ലാത്തതുകൊണ്ടായിരുന്നില്ല. ജിഹാദിന്റെ കൽപന വന്നപ്പോൾ ഏതൊരു ശരീരവും ശക്തിയും ഉപയോഗിച്ചാണോ സഹാബത്ത് ശത്രുവിനെ നേരിട്ടത് അതേ ശക്തിയും കരബലവും ഇതിനു മുമ്പും അവർക്കുണ്ടായിരുന്നു. ചില സന്ദർഭങ്ങളിൽ ഒരായിരം പേരടങ്ങുന്ന സഹാബാക്കളുടെ സംഘം ഒരു ലക്ഷം പോരാളികളെ തറപറ്റിച്ചിട്ടുണ്ട്. ഇതെല്ലാം ഇവ്വിധമാകാനുള്ള കാരണം മക്കയിൽ ക്ഷമ കൈകൊണ്ടത് ഭീരുത്വം കാരണമായിരുന്നില്ല എന്ന് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനാണ്. അവർ ആയുധംവെച്ച് കീഴടങ്ങിയിരുന്നത് ദൈവത്തിന്റെ കൽപന മാനിച്ചായിരുന്നു. ആടുമാടുകളെപ്പോലെ തങ്ങളെ അറുക്കപ്പെടാൻ അവർ തയ്യാറായി. ഇങ്ങിനെയുള്ള സഹനം തീർച്ചയായും മനുഷ്യശക്തിക്കതീതമാണ്. ലോകത്ത് വന്നിരിക്കുന്ന പ്രവാചകന്മാരുടേയും അവരുടെ സമൂഹങ്ങളുടേയും വൃത്താന്തങ്ങൾ വായിച്ചാലും ഒരു സമുദായത്തിലും ഒരു പ്രവാചക ചരിത്രത്തിലും ഇങ്ങനെയുള്ള ഉന്നത ധാർമ്മിക ഗുണം നമുക്ക് കാണാൻ സാധ്യമല്ല. മുമ്പുള്ളവരുടെ ക്ഷമയുടെ സംഭവങ്ങൾ നാം കേൾക്കുന്നുണ്ടെങ്കിൽ തന്നെ ഹൃദയത്തിൽ വരുന്ന ചിന്ത അത് ഭീരുത്വം കൊണ്ടോ പ്രതികരിക്കാനുള്ള ശക്തി ഇല്ലാത്തതുകൊണ്ടോ ആണെന്നാണ്. യുദ്ധനൈപുണ്യം കൈവരിച്ചിട്ടുള്ള ഒരു യോദ്ധ്യസംഘം ധൈര്യശാലികളും ശക്തമായ ഹൃദയത്തിന്റെ ഉടമസ്ഥരും കൂടിയായിരിക്കെ, അവരെ വേദനിപ്പിച്ചിട്ടും എന്തിന് അവരുടെ മക്കൾപോലും വധിക്കപ്പെട്ടിട്ടും കുന്തംകൊണ്ട് അവർ മുറിവേൽപ്പിക്കപ്പെട്ടിട്ടും അവർ അതിനെ നേരിടാതിരിക്കുക എന്നതാണ് പൗരുഷത്തിന്റെ ലക്ഷണം. ഈ അവസ്ഥയിൽ 13 വർഷക്കാലവും നമ്മുടെ പ്രവാചകനും സഹാബത്തും കഴിച്ചുകൂട്ടുകയുണ്ടായി. ഓരോ നിമിഷവും പരീക്ഷണങ്ങളുടെ തീച്ചൂളയിലൂടെ കടന്നുപോകേണ്ടിവന്ന ഈ കാലഘട്ടം 13 വർഷം വരെ നീണ്ടു കിടന്നു. തീർച്ചയായും ഇത്രകാലം ക്ഷമിക്കുക എന്നതിന് തത്തുല്ല്യമായ ഒരു സംഭവവും ഉണ്ടായിരിക്കില്ല. വല്ലവർക്കും ഇതിൽ സംശയമുണ്ടെങ്കിൽ മുമ്പുള്ള സ്വാത്തികന്മാരിൽ ഇതിനു തുല്ല്യമായത് എവിടെയാണുള്ളത് എന്ന് കാണിച്ചുതരിക.''

ഈകാര്യം കൂടി ഓർത്തിരിക്കുക, സഹാബാക്കൾക്ക് ഏൽക്കേണ്ടി വന്ന കഷ്ടതകളുടെ സമയത്ത് അതിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു പദ്ധതിയും നബി ﷺ പറഞ്ഞുകൊടുത്തില്ല. മറിച്ച് പറഞ്ഞത് ഈ ദുഃഖങ്ങളെല്ലാം സഹിച്ച് മുന്നേറുക എന്നതാണ്. പ്രതികരിക്കാനായി വല്ലവരും സമ്മതം ചോദിച്ചപ്പോൾ അതിനെ തടയുകയാണ് ചെയ്തത്. എന്നിട്ട് പറഞ്ഞത് എന്നോട് ക്ഷമിക്കാനാണ് കൽപിച്ചിരിക്കുന്നത് എന്നാണ്. ചുരുക്കത്തിൽ നബി ﷺ ക്ഷമിക്കുവാനാണ് പറഞ്ഞുകൊണ്ടിരുന്നത്. അവസാനം ആകാശത്തുനിന്ന് ശത്രുവിനെ നേരിടാനുള്ള കൽപന വരികയുണ്ടായി. മുമ്പും പിമ്പുമുള്ള ജനസമൂഹങ്ങളിൽ ഇങ്ങിനെയുള്ള സഹനത്തിനുദാഹരണം അന്വേഷിച്ചു നോക്കുക. ഇനി സാധ്യമാകുകയാണെങ്കിൽ ഇതിനുള്ള ഉദാഹരണം മൂസാ عليه السلام ന്റെ സമൂഹത്തിൽ നിന്നോ ഈസാ عليه السلام ന്റെ ഹവാരികളിൽ നിന്നോ എടുത്ത് കാണിച്ചുതരിക.

അല്ലാഹു നമുക്കും എപ്പോഴും ക്ഷമയും സ്ഥിരചിത്തതയും പ്രകടിപ്പിക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. പാക്കിസ്ഥാനിലും മറ്റ് നാടുകളിലും ജമാഅത്തിനെ വളരെ ശക്തമായി പീഢിപ്പിച്ചുകൊണ്ടിരിക്കുകയാണ്, അവരുടെ ജീവിതംപോലും അവിടങ്ങളിൽ പ്രയാസമായിക്കൊണ്ടിരിക്കുകയാണ്. അവിടെയുള്ളവർക്കും ക്ഷമയും സഹനവും പ്രധാനം ചെയ്യുമാറാകട്ടെ. അല്ലാഹു തന്റെ പ്രത്യേക ശക്തി പ്രഭാവം പ്രകടിപ്പിച്ചുകൊണ്ട് ശക്തുക്കളെ പിടിക്കുകയും ചെയ്യുമാറാകട്ടെ. നമ്മുടെ ഓരോ പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതി ആകർഷിക്കുന്നതായിത്തീരട്ടെ. അവന്റെ അനുഗ്രഹത്തിന് പാത്രമായി നാം തീരട്ടെ.


**വിവർത്തനം**
എം.നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് – എറണാകുളം. 9497343704

KHUTHBA:

**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 19 - 11 - 2010 at
London

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**